B2/261/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - മ്യൂസിയം വകുപ്പ് - വാർഷിക പദ്ധതി 2025-2026 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.674/2025/CLAD തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:- 1. മ്യൂസിയവും മൃഗശാലയും വകുപ്പ് ഡയറക്ടറുടെ 04.11.2025 തീയതിയിലെ MZ/624/2025-E നമ്പർ കത്ത്.

2. 05.11.2025 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

മ്യൂസിയം വകുപ്പിൽ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭരണാനുമതിക്കായി പ്രൊപ്പോസലുകൾ മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിക്കുകയുണ്ടായി.

2) വർക്കിംഗ് ഗ്രൂപ്പിന്റെ 05.11.2025-ൽ ചേർന്ന യോഗം മ്യൂസിയവും മൃഗശാലയും വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകൾ വിശദമായി പരിശോധിക്കുകയും 1,54,68,218/- (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി അറുപത്തി എണ്ണായിരത്തി ഇരുന്നൂറ്റി പതിനെട്ട് രൂപ മാത്രം) രൂപയുടെ ചുവടെ ചേർക്കുന്ന ഏഴ് പ്രൊപ്പോസലുകൾ അംഗീകരിക്കുകയും ചെയ്തു.

| Sl. No. | Name of Work | Amount to which AS is given | Funds to be utilized in 2025-26 | Executing Agency |
|---|---|---|---|---|
| 1 | Repair works for preventing seepage and leakage of rain water from roof and wall of Heritage | **23,55,430** | **23,55,430** | Keralam Museum of History & Heritage |

| | | | | |
|---|---|---|---|---|
| | Museum, Kunkichira, Wayanad. | | | |
| 2 | Replacement of old underground cables and supply & installation of additional street lights in garden area. | **18,88,971** | **18,88,971** | KELTRON |
| 3 | Upgradation of '3D Theater Video Projection System of the 3D Theater in Museum campus, Thiruvananthapuram | **18,80,094** | **18,80,094** | KELTRON |
| 4 | Painting works of the antique cast iron fencing around the ring road, installation of dry leaf collection boxes and covering to the electric boards at various parts of the upper garden area. | **14,25,000** | **14,25,000** | Public Works Department |
| 5 | Renovation and Maintenance work in Natural History Museum | **50,00,000** | **50,00,000** | Public Works Department |
| 6 | Annual Maintenance Contract of AC units for the year 2025-26 | **4,46,000** | **4,46,000** | Public Works Department |

| | | | | |
|---|---|---|---|---|
| 7 | Replacement of main Electrical Panel Board and Vertical Distribution Boards in Museum campus | **24,72,723** | **24,72,723** | KELTRON |
| | **Grand Total** | **1,54,68,218/-** | **1,54,68,218/-** | |

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി **2205-00-107-93** (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും **1,54,68,218/-** (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി അറുപത്തി എണ്ണായിരത്തി ഇരുന്നൂറ്റി പതിനെട്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതി മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പദ്ധതി നടത്തിപ്പിലേക്ക് നിലവിലുള്ള നടപടി ക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്. സാമ്പത്തിക അച്ചടക്കം പൂർണ്ണമായി പാലിക്കേണ്ടതാണ്.
ii. അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ നിന്നും മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളു.
iii. പദ്ധതി നടത്തിപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കുവാൻ പാടുള്ളു. പിൻവലിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പാടില്ല.
iv. സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.
v. ടെണ്ടർ/ഇ-ടെണ്ടർ മറ്റ് നടപടികളും ആവശ്യം വേണ്ടിടത്ത് പാലിക്കേണ്ടതാണ്.
vi. മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ പദ്ധതി നടത്തിപ്പിന്റെ അവലോകനം കൃത്യമായും നടത്തേണ്ടതും നിലവിലുള്ള ചട്ടങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാലാ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (Edn.D)വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 11-11-2025 11:33:55
സെക്ഷൻ ഓഫീസർ